**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2572** **17-03-2022 - ൽ മറുപടിയ്ക്ക്**

**ബി.പി.സി.എൽ-ന്റെ പോളിയോൾസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ പ്രധാനമന്ത്രി തറക്കല്ലിട്ട 11,130 കോടി രൂപയുടെ പോളിയോൾസ് പദ്ധതിയിൽ നിന്ന് ബി.പി.സി.എൽ പിൻമാറുന്നതായ വർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണ്ടി പദ്ധതി തുടരണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ബി.പി.സി.എൽ സംസ്ഥാനത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വൻകിട പദ്ധതിയാണ് പോളിയോൾസ്. പ്രസ്തുത പദ്ധതിയുടെ feedstock പെട്രോകെമിക്കൽ അധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ്. ഈ അസംസ്കൃത വസ്തു അതേ സ്ഥലത്ത് തന്നെ സംരംഭകർക്ക് ലഭ്യമാക്കുകയെന്നതാണ് കിൻഫ്ര 25,000 കോടി രൂപ മുതൽമുടക്കി കൊച്ചിയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ മുഖ്യ ആകർഷണം. ബി.പി.സി.എൽ-ന്റെ പോളിയോൾസ് പദ്ധതി കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ വികസന സാദ്ധ്യതകളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ് . പെട്രോകെമിക്കൽ പാർക്കിനാവശ്യമായ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതു സംബന്ധിച്ച് സർക്കാർ , ബി.പി.സി.എല്ലു മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട് |
| (സി) | പോളിയോൾസ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ബി.പി.സി.എൽ സംസ്ഥാനത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വൻകിട പദ്ധതിയാണ് പോളിയോൾസ്. പ്രസ്തുത പദ്ധതിയുടെ feedstock പെട്രോകെമിക്കൽ അധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ്. ഈ അസംസ്കൃത വസ്തു അതേ സ്ഥലത്ത് തന്നെ സംരംഭകർക്ക് ലഭ്യമാക്കുകയെന്നതാണ് കിൻഫ്ര 25,000 കോടി രൂപ മുതൽമുടക്കി കൊച്ചിയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ മുഖ്യ ആകർഷണം. ബി.പി.സി.എൽ-ന്റെ പോളിയോൾസ് പദ്ധതി |

| | | | |
|---|---|---|---|
| | | | കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ വികസന സാദ്ധ്യതകളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ് . പെട്രോകെമിക്കൽ പാർക്കിനാവശ്യമായ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതു സംബന്ധിച്ച് സർക്കാർ , ബി.പി.സി.എല്ലു മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ